## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം — ആ.വ.ഡ– ജീവനക്കാര്യം — സ്പെഷ്യാലിറ്റി കേഡർ– ജൂനിയർ കൺസൽട്ടന്റ് ഒഫ്താൽമോളജി– ഡോ.രമേശൻ. ഇ.സി.കെ– യെ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം — 1. ഉത്തരവ് നം.ഇ.എ 1/157/2018/ആ.വ.ഡ. തീയതി. 04/12/2019.
2. മേലെഴുത്ത് നമ്പർ.ഇ.ബി5–24436/2021/ആ.വ.ഡ. തീയതി.06/05/2021.

## ഉത്തരവ് നം.ഇ.എ 1/157/2018/ആവഡ തീയതി 26/05/2021

ആരോഗ്യവകുപ്പിൽ അസിസ്റ്റന്റ് സർജനായ ഡോ.രമേശൻ ഇ.സി.കെ ശൂന്യവേതനാവധിയിൽ പി.ജി പഠനം തുടർന്നുവരവെ ജൂനിയർ കൺസൽട്ടന്റ് (ഒഫ്താൽമോളജി) തസ്തികയിൽ സ്ഥാനം നൽകുകയും പി.ജി പഠനം തുടരാൻ അനുമതി നൽകുകയും ചെയ്തിരുന്നു.

പി.ജി പഠനത്തിനുള്ള ശൂന്യവേതന കാലയളവ് അവസാനിച്ചതിനാൽ സർവ്വീസിൽ തിരികെ പ്രവേശിക്കുവാൻ പരാമർശം 2 പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഡോ .രമേശൻ ഇ.സി.കെ–യെ ജില്ലാശുപത്രി , മാനന്തവാടിയിലെ ഒഫ്താൽമോളജി വിഭാഗം ജൂനിയർ കൺസൽട്ടന്റ് തസ്തികയിലെ നിലവിലുള്ള ഒഴിവിലേയ്ക്ക് അവധി ക്രമീകരിക്കുന്നതിന് വിധേയമായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡോ.രമേശൻ ഇ.സി.കെ 31/05/2021–ന് മുൻപായി ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി കൃത്യമായും അയച്ച് തരേണ്ടതാണ്. മെഡിക്കൽ ആഫീസറും, സ്ഥാപനമേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

(ഒപ്പ്)
ഡോ.രമേഷ്.ആർ
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്
ഡോ.രമേശൻ ഇ.സി.കെ, ജൂനിയർ കൺസൽട്ടന്റ്

പകർപ്പ്
1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) വയനാട്
3. സൂപ്രണ്ട്, ജില്ലാശുപത്രി, മാനന്തവാടി
4. ഫയൽ/ സ്റ്റോക്ക് ഫയൽ

//ഉത്തരവിൻ പ്രകാരം //

സൂപ്രണ്ട്

ബി.ജി/